പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 118

# 2007-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2007

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 118

# 2007-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബിൽ

810/2007.

പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 118

# 2007-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ബിൽ

1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റ് (1980-ലെ 20) ഇതിനുശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ളിക്കിന്റെ അൻപത്തെട്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1)ഈ ആക്റ്റിന് 2007-ലെ കേരള ചുമട്ടുതൊഴിലാളി (രണ്ടാം ഭേദഗതി) ആക്റ്റ് എന്ന് പേർ പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. 37-ാം വകുപ്പിന്റെ ഭേദഗതി.—1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിന്റെ (1980-ലെ 20) 37-ാം വകുപ്പിൽ 'സർക്കാർ' എന്ന വാക്കിനു പകരം 'ബോർഡ്' എന്ന വാക്ക് ചേർക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിന്റെ 37-ാം വകുപ്പ് പ്രകാരം, നിധിയിലേക്കുള്ള ഏതെങ്കിലും അംശദായത്തിന്റെ അടവിൽ ഒരു തൊഴിലുടമ വീഴ്ച വരുത്തുകയാണെങ്കിൽ, സർക്കാരിന് അയാളിൽനിന്നും നഷ്ടപരിഹാരം ഈടാക്കാവുന്നതാണ്. ഒരു തൊഴിലുടമയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിനുള്ള ഈ അധികാരം കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡിനെ ഏൽപ്പിക്കുവാൻ സർക്കാർ ഇപ്പോൾ തീരുമാനിച്ചു.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

പി. കെ. ഗുരുദാസൻ

(ശരിത്തർജ്ജമ)

## 1978-ലെ കേരള ചുമട്ടുതൊഴിലാളി ആക്റ്റിലെ (1980-ലെ 20) പ്രസക്ത ഭാഗങ്ങൾ

** ** ** **

** ** ** **

37. നഷ്ടപരിഹാരം വസൂലാക്കുന്നതിനുള്ള അധികാരം.—ഫണ്ടിലേക്കുള്ള ഏതെങ്കിലും അംശദായം നൽകുന്നതിൽ ഒരു തൊഴിലുടമ വീഴ്ച വരുത്തുന്ന പക്ഷം സർക്കാരിന്, അവർക്ക് യുക്തമെന്നു തോന്നുന്ന അങ്ങനെയുള്ള കുടിശ്ശികത്തുകയുടെ ഇരുപത്തിയഞ്ചു ശതമാനത്തിൽ കവിയാത്ത നഷ്ടപരിഹാരം അയാളിൽനിന്നും വസൂലാക്കാവുന്നതാണ്.

** ** ** **

** ** ** **